I ഇ.ബി. XIV-കേരള നിയമസഭ/XVI-10

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 നവംബർ 08, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

നിയമവിരുദ്ധ പ്രീ-അസസ്മെന്റ് നോട്ടീസുകൾ

മി. സ്പീക്കർ: നിയമവിരുദ്ധമായ രീതിയിൽ കേരള മൂല്യവർദ്ധിത നിയമത്തിന്റെ 25(1) വകുപ്പനുസരിച്ച് നോട്ടീസ് അയച്ചതുമൂലവും ചരക്ക് സേവന നികുതിപ്രകാരം റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വന്ന മാസങ്ങളിലെ ഔട്ട്പുട്ട് ടാക്സിന് മുകളിൽ പലിശ ഈടാക്കിക്കൊണ്ടുള്ള നോട്ടീസ്

നൽകിയതുകാരണവും ഒരാൾ ആത്മഹത്യ ചെയ്തതുൾപ്പെടെ സംസ്ഥാനത്തെ വ്യാപാരികളിലുണ്ടായിരിക്കുന്ന ഉത്കണ്ഠയും ഭീതിയും സൃഷ്ടിച്ചിരിക്കുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കേരള മൂല്യവർദ്ധിത നിയമത്തിന്റെ 25(1) വകുപ്പനുസരിച്ച് നികുതി വകുപ്പ് പ്രീ-അസസ്മെന്റ് നോട്ടീസുകൾ അയച്ചത് സർക്കാരിന്റെ നയമനുസരിച്ചല്ല. നികുതി കുടിശ്ശിക കർശനമായി പിരിച്ചെടുക്കണമെന്ന നിലപാടാണുള്ളതെങ്കിലും അയച്ച നോട്ടീസിനുമേൽ തുടർനടപടികൾ ഉണ്ടാവില്ലെന്നും സ്ക്രൂട്ടിണി മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നോട്ടീസുകൾ നൽകില്ലെന്നും സംഘടനകൾക്ക് ഉറപ്പുനൽകുകയും നിയമവകുപ്പുമായി ആലോചിച്ച് ഇവ പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. വ്യാപാരിയുടെ ആത്മഹത്യ ദൗർഭാഗ്യകരമാണ്. വ്യാപാരികൾ നൽകിയ മെമ്മോറാണ്ടത്തിന്മേൽ പോലീസ് റിപ്പോർട്ട്

വരുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനങ്ങൾ പിരിച്ചെടുത്ത നികുതി പിൻവലിക്കുന്നതിനുപകരം പെനാൽറ്റിയായി കണക്കാക്കാമെന്നത് സംബന്ധിച്ച് ജി.എസ്.ടി. കൗൺസിലിൽ തീരുമാനമെടുത്തിട്ടില്ല. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നോട്ടീസ് അയയ്ക്കാൻ സാധിക്കുകയുള്ളൂ. വ്യാപാരികളുമായി യാതൊരുവിധ തർക്കങ്ങളുമുണ്ടായിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സാമ്പത്തിക മാന്ദ്യം വ്യാപാരമേഖലയെയും ബാധിച്ചിരിക്കുന്ന സാഹചര്യത്തിലാണ് കേരള മൂല്യവർദ്ധിത നിയമത്തിന്റെ 25(1) വകുപ്പനുസരിച്ചുള്ള പ്രീ-അസസ്മെന്റ് നോട്ടീസുകൾ വ്യാപാരികൾക്ക് നൽകിയിരിക്കുന്നത്. നികുതി വകുപ്പ് തയ്യാറാക്കിയ സോഫ്റ്റ്‌വെയർ മോഡ്യൂളിൽനിന്ന് വ്യാപാരികൾക്ക് അയച്ചിരിക്കുന്ന അവ്യക്തമായ ഈ നോട്ടീസുകൾ പിൻവലിക്കാൻ തയ്യാറാകണം. പ്രസ്തുത നോട്ടീസുകളിന്മേൽ മറുപടി നൽകുന്നതിന് വളരെ കുറച്ച് സമയം മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഇൻപുട്ട് ക്രെഡിറ്റ് എക്സസ്സായ മാസങ്ങളിൽ നോട്ടീസയച്ച് വ്യാപാരികളെ ബുദ്ധിമുട്ടിക്കുന്ന പ്രവണത അവസാനിപ്പിക്കണം. നികുതി വകുപ്പിനുമേൽ സർക്കാരിന്റെ കർശന നിയന്ത്രണം ആവശ്യമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഷെഡ്യൂൾഡ് റേറ്റിൽ നികുതി ഈടാക്കണമെന്നാണ് നിയമത്തിലുള്ളത്. ഷെഡ്യൂൾഡ് റേറ്റില്ലാതെ 60 ലക്ഷം രൂപ വരെ അര ശതമാനവും 60 ലക്ഷം മുതൽ ഒരു കോടി രൂപ വരെ ഒരു ശതമാനവും ഒരു കോടി രൂപയ്ക്ക് മുകളിൽ 2 ശതമാനവും നികുതി കൊടുത്താൽ മതിയെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശികയുള്ള അനുമാന നികുതിദായകർക്ക് പലിശയോ പിഴയോ കൂടാതെ നികുതിമാത്രം ഈടാക്കുന്നതിന് ആംനെസ്റ്റി സ്കീം കൊണ്ടുവന്നിട്ടുണ്ട്. അപാകതകൾ തിരുത്തി പുതിയ മോഡ്യൂൾ കൊണ്ടുവന്നെങ്കിലും കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളിക്കാത്ത നോട്ടീസുകളാണ് വ്യാപാരികൾക്ക് അയച്ചിട്ടുള്ളത്. മോഡ്യൂളിൽ പ്രഥമദൃഷ്ട്യാ പോരായ്മകളുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്താനിരിക്കുകയാണ്. നോട്ടീസിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കില്ലെന്ന് വ്യാപാരികൾക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി നോട്ടീസായതുകൊണ്ട് നിയമവശം പരിശോധിക്കേണ്ടതുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ കെ. സി. ജോസഫ്, എം. ഉമ്മർ, സി. എഫ്. തോമസ് എന്നീ പ്രതിപക്ഷകക്ഷി അംഗങ്ങൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ സർക്കാർ വക ഭൂമി

ശ്രീ. സി. ദിവാകരൻ: കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സൗജന്യമായി നൽകിയിട്ടുള്ള സർക്കാർ വക ഭൂമിയിൽ പലതും സ്വകാര്യവൽക്കരണ ഭീഷണി നേരിടുകയും സ്വകാര്യ വ്യക്തികൾക്കും കമ്പനികൾക്കും വിൽക്കുന്ന പ്രവണതയുമാണ് കണ്ടുവരുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ വക ഭൂമി സർവ്വേ നടത്തുന്നതിനും ഉപയോഗശൂന്യമായ ഭൂമി തിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

അടച്ചുപൂട്ടാനും സ്വകാര്യവൽക്കരിക്കാനുമുള്ള ശ്രമങ്ങൾക്കെതിരെ കേരളത്തിന്റെ ആശങ്ക അറിയിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് നിരവധി കത്തുകൾ അയയ്ക്കുകയും നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുകയും ചെയ്തിട്ടുള്ളതാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനുള്ള ശ്രമങ്ങൾ തുടർന്നുവരികയാണ്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നെങ്കിലും കമ്പനി സ്ഥാപിക്കാൻ സംസ്ഥാനം സൗജന്യമായി നൽകിയ സ്ഥലത്തിന്റെ വില കൂടി നൽകണമെന്ന കേന്ദ്രസർക്കാരിന്റെ ആവശ്യം കാരണം ഏറ്റെടുക്കൽ നടപടികൾ മന്ദഗതിയിലാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഉപയോഗശൂന്യമായ ഭൂമി തിരിച്ചെടുക്കാനുള്ള സാധ്യത പരിഗണിക്കാൻ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഭൂമി ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവ്യക്തികൾക്ക് കൈമാറാനുള്ള കേന്ദ്രനീക്കത്തിനെതിരെ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

## (2) അങ്കണവാടികളിലെ കുട്ടികളുടെ കുറവ്

ശ്രീ. കെ. എസ്. ശബരീനാഥൻ: പ്രീ-പ്രൈമറി സ്കൂളുകളുടെ അതിപ്രസരം അങ്കണവാടികളുടെ പ്രവർത്തനത്തേയും കുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യത്തേയും ദോഷകരമായി ബാധിക്കും. കുട്ടികളുടേയും അമ്മമാരുടേയും ആരോഗ്യ സംരക്ഷണത്തിനുവേണ്ടി സർക്കാർ നടപ്പാക്കുന്ന പോഷകാഹാരം, ആരോഗ്യ പരിശോധന എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളെയും ശാക്തീകരിക്കുന്നതിനും കൂടുതൽ കുട്ടികളെ അങ്കണവാടികളിലെത്തിക്കുന്നതിനും സർക്കാർ ശ്രമം നടത്തണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 6 വയസ്സുവരെയുള്ള കുട്ടികളുടെ സർവ്വതോന്മുഖമായിട്ടുള്ള വികസനത്തിന് അടിത്തറ നൽകുന്നതിനാണ് അങ്കണവാടികൾ രൂപീകരിച്ചത്. ഈ സർക്കാർ 2000 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ പോഷകാഹാരം, ആരോഗ്യം, സ്വഭാവരൂപീകരണം, വളർച്ചാപഠനം എന്നിവയിലാണ് അങ്കണവാടികൾ ശ്രദ്ധ നൽകിവരുന്നത്. അങ്കണവാടികൾ നവീകരിക്കുന്നതിനായി സ്മാർട്ട് അങ്കണവാടി പ്രോജക്ടിന് ഒരു മാസ്റ്റർ പ്ലാൻ

തയ്യാറാക്കി പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്; മാസ്റ്റർ പ്ലാൻ പ്രകാരമുള്ള സംസ്ഥാനത്തെ ആദ്യ അങ്കണവാടി പൂജപ്പുരയിൽ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഗർഭിണികൾ, കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാർ എന്നിവരുടെ പോഷകാഹാര പ്രശ്നം പരിഹരിക്കുന്നതിനായി 'സമ്പുഷ്ട കേരളം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അങ്കണവാടി ഹെൽപ്പർമാർക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കി കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകിവരികയാണ്. സ്മാർട്ട് അങ്കണവാടി നടപ്പാകുന്നതോടെ നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയും.

## III സബ്മിഷൻ

(1) <u>വെള്ളാനിക്കര സി.എച്ച്.സി.</u>

ചീഫ് വിപ്പ് (<u>ശ്രീ. കെ. രാജൻ</u>): വെള്ളാനിക്കര സി.എച്ച്.സി.-യിൽ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താനും ടി ആശുപത്രിയെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): പോസ്റ്റ് ക്രിയേഷൻ ആവശ്യമായതിനാൽ

വെള്ളാനിക്കര സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്താൻ സാധ്യമല്ല. ആശുപത്രി പരിസരത്തുണ്ടാകുന്ന അപകടം കണക്കിലെടുത്ത് ആംബുലൻസ് വിന്യസിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രസ്തുത സി.എച്ച്.സി.-യിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

(2) ബി.എസ്.എൻ.എൽ. കരാർ തൊഴിലാളികളുടെ വേതനം

ശ്രീ. എം. സ്വരാജ്: നഷ്ടത്തിലായ ബി.എസ്.എൻ.എൽ.-നെ രക്ഷിക്കാൻ സർക്കാർ ഇൻവെസ്റ്റ്മെന്റ് നടത്താനും ബാങ്കിൽനിന്നും ലോണെടുക്കാനുള്ള അനുവാദം നൽകാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താനും ആത്മഹത്യ ചെയ്ത ബി.എസ്.എൻ.എൽ. തൊഴിലാളിയായ രാമകൃഷ്ണന്റെ കുടുംബത്തെ സഹായിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2000 മുതൽ 2009 വരെ 49,990 കോടി രൂപയുടെ പ്രവർത്തനലാഭമുണ്ടായിരുന്ന ബി.എസ്.എൻ.എൽ.-ന് ഇപ്പോൾ 12,888 കോടി രൂപയുടെ നഷ്ടമാണുള്ളത്. കരാർ തൊഴിലാളികൾക്ക് ശമ്പളം മുടങ്ങിയതും അവരുടെ ബുദ്ധിമുട്ടുകളും കേന്ദ്രസർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 50 ശതമാനം വരുന്ന കരാർ തൊഴിലാളികളെ ഒഴിവാക്കാനും തൊഴിൽ ദിനങ്ങൾ വെട്ടിച്ചുരുക്കാനും 55 വയസ് കഴിഞ്ഞവരെ ഒഴിവാക്കണമെന്നുമാണ് ബി.എസ്.എൻ.എൽ. ഉത്തരവിറക്കിയിരിക്കുന്നത്. പൊതുമേഖലയെ തകർക്കുന്ന കേന്ദ്രസർക്കാരിന്റെ സാമ്പത്തികനയങ്ങൾമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ടി സ്ഥാപനത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തുന്നതാണ്.

(3) <u>തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയിൽ പന്നിയന്നൂർ ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. കെ. കൃഷ്ണൻകുട്ടി)</u>: കിഫ്ബിയുടെ ധനസഹായാനുമതി ലഭിച്ച തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പന്നിയന്നൂർ ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുന്നതാണ്.

## (4) പുറയാർ റെയിൽവേ ഓവർബ്രിഡ്ജിന്റെയും പാറപ്പുറം - വല്ലംകടവ് പാലത്തിന്റെയും നിർമ്മാണം

ശ്രീ. അൻവർ സാദത്ത്: പുറയാർ റെയിൽവേ ഓവർബ്രിഡ്ജിന്റെയും പാറപ്പുറം - വല്ലംകടവ് പാലത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പുറയാർ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിന് 2016-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് ഇതുവരെയും അനുവദിച്ചുകിട്ടിയിട്ടില്ല. പാറപ്പുറം-വല്ലംകടവ് പാലത്തിനായുള്ള സ്ഥലമെടുപ്പ് പൂർത്തീകരിക്കാത്തതിനാൽ കരാറിൽ ഏർപ്പെട്ട കമ്പനിക്ക് നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കാൻ സമയം നീട്ടിക്കൊടുത്തുവെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന കണ്ടെത്തലിനെത്തുടർന്ന് കരാർ റദ്ദാക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

## IV ഗവൺമെന്റ് പ്രമേയം (ചട്ടം 118)

### എൻ.എച്ച് 766-ലെ രാത്രികാല ഗതാഗത നിരോധനം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): "കേരളത്തെയും കർണാടകയെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച് 766. ഈ പാതയിൽ 2009 മുതൽ രാത്രികാല ഗതാഗതം നിരോധിച്ചിരിക്കുകയാണ്. വന്യമൃഗങ്ങളുടെ സ്വൈരവിഹാരത്തിന് തടസ്സം ഉണ്ടാക്കുന്നു എന്ന പേരിലാണ് മനുഷ്യരുടെ യാത്രാ സ്വാതന്ത്ര്യവും സൗകര്യവും തടഞ്ഞത്. ഇതുമൂലം വയനാട് ജില്ലയിലെ ബത്തേരി താലൂക്കിലുള്ള ജനങ്ങൾക്ക് ഗുണ്ടൽപേട്ട, മൈസൂർ എന്നിവിടങ്ങളിലേയ്ക്ക് യാത്ര ചെയ്യണമെങ്കിൽ 100 കിലോമീറ്ററോളം അധികം യാത്ര ചെയ്യേണ്ടിവരുന്നു. ഗുണ്ടൽപേട്ട, നഞ്ചൻകോഡ്, കൊല്ലഗൽ മേഖലകളിൽനിന്ന് ഇരുപതിനായിരത്തിലധികം തൊഴിലാളികൾ വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി തോട്ടം, നിർമ്മാണ മേഖലകളിൽ ജോലി ചെയ്യുന്നു. പച്ചക്കറികൾ, ഭക്ഷ്യധാന്യങ്ങൾ, നിർമ്മാണ സാമഗ്രികൾ തുടങ്ങിയ പല ഉൽപ്പന്നങ്ങളും കേരളത്തിൽനിന്നും കർണാടകയിലേയ്ക്കും തിരിച്ചും കൊണ്ടുപോകാൻ ഉപയോഗിക്കുന്ന പ്രധാന പാതയാണ് എൻ.എച്ച് 766.

നാല് ചുരങ്ങൾക്ക് മുകളിൽ സ്ഥിതിചെയ്യുന്ന ജില്ലയാണ് വയനാട്. കാലവർഷ ദുരന്തം ഉണ്ടാകുന്ന വേളയിൽ ഒറ്റപ്പെടുന്ന വയനാട്ടിലേയ്ക്ക് ദുരിതാശ്വാസ പ്രവർത്തകർക്ക് എത്തിപ്പെടാനുള്ള സമതലത്തിലൂടെയുള്ള ഏക ഗതാഗത മാർഗ്ഗമാണ് എൻ.എച്ച്. 766. റെയിൽ ഗതാഗതമോ ജലപാതയോ വ്യോമഗതാഗതമോ ഒന്നുമില്ലാത്ത വയനാട്ടിൽ പ്രസ്തുത പാത ജനങ്ങളുടെ നിലനിൽപ്പിനുള്ള പാതകൂടിയാണ്.

ഈ സാഹചര്യത്തിൽ കേരള സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുകയും രാത്രിയാത്രാ നിരോധനം പിൻവലിക്കണമെന്ന ആവശ്യമുന്നയിക്കുകയും ബഹുമാനപ്പെട്ട കോടതി ഈ കേസ് പരിഗണിച്ചുവരികയുമാണ്. ഇതിനിടയിൽ ബന്ദിപ്പൂർ വനമേഖലയിൽ 25 കിലോമീറ്ററിനുള്ളിൽ 5 ആകാശപാതകൾ നിർമ്മിക്കുകയും ബാക്കിസ്ഥലങ്ങളിൽ റോഡിനിരുവശവും കമ്പിവേലി നിർമ്മിക്കുകയും ചെയ്താൽ രാത്രിയാത്രാ നിരോധനം പിൻവലിക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ച വിദഗ്ധ സമിതിയുടെ യോഗത്തിൽ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ നിർദ്ദേശം സമർപ്പിച്ചിരുന്നു. ഈ പ്രോജക്ടിന് ഏകദേശം 500 കോടി രൂപയോളം ചെലവ്

വരുമെന്നും ഈ തുക ദേശീയപാതാ വിഭാഗവും കേരളവും സംയുക്തമായി വഹിക്കണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ ബഡ്ജറ്റിൽ 250 കോടി രൂപ നീക്കിവച്ചിട്ടുള്ളതുമാണ്.

എന്നാൽ, കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ സുപ്രീംകോടതിയിൽ കേസ് പരിഗണനയ്ക്ക് വന്നപ്പോൾ ഈ പാത പകൽസമയവും അടച്ച് സംസ്ഥാന ഹൈവേ 90-ഉം 275-ഉം വികസിപ്പിച്ച് എൻ.എച്ച്. 766-ന് ബദൽപാതയായി ഉപയോഗിച്ചുകൂടേ എന്ന് ചോദിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതുസംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം സത്യവാങ്മൂലമായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. കേരള-തോൽപ്പെട്ടി വന്യജീവി സങ്കേതത്തിലൂടെയും കർണ്ണാടകയിലെ നാഗർഹോള ടൈഗർ റിസർവ്വിലൂടെയും കടന്നുപോകുന്ന സംസ്ഥാന ഹൈവേ 275 ബദൽ പാതയല്ല വനത്തിലൂടെ തന്നെയുള്ള മറ്റൊരു പാതയാണ്. കഴിഞ്ഞ പത്തുവർഷമായി ദേശീയപാത 766-ൽ നിലനിൽക്കുന്ന രാത്രിയാത്രാ നിരോധനം പകൽ കൂടി ഉണ്ടായേക്കുമെന്ന തരത്തിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ വയനാട്ടിലെ ജനങ്ങൾക്കിടയിൽ ആകെ അസ്വസ്ഥതയും പ്രതിഷേധവും സൃഷ്ടിച്ചിട്ടുണ്ട്.

ദേശീയപാത 766-ലൂടെയുള്ള ജനങ്ങളുടെ യാത്രാ അവകാശം സംരക്ഷിക്കാനും വന്യമൃഗങ്ങളുടെ സ്വൈരവിഹാരം ഉറപ്പുവരുത്താനും ബദൽ നിർദ്ദേശങ്ങൾ കണ്ടെത്തണമെന്ന കേരളത്തിന്റെ അഭിപ്രായം മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരുമായി പങ്കുവച്ചിട്ടുള്ളതാണ്. വാഹനങ്ങൾ കടന്നുപോകുന്ന ഇന്ത്യയിലെ അൻപതോളം കടുവാസങ്കേതങ്ങളിലൊന്നും കൊണ്ടുവരാത്ത നിയന്ത്രണം ഈ ദേശീയപാതയിൽ മാത്രം കൊണ്ടുവരുന്നത് തികഞ്ഞ ജനദ്രോഹവും വിവേചനവുമാണ്. കേരളത്തിന്റെ നിർദ്ദേശങ്ങൾ പരിശോധിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി മുഖ്യമന്ത്രിക്ക് ഉറപ്പുനൽകിയിരുന്നുവെങ്കിലും ഇതുവരെയും പ്രസ്തുത സമിതി രൂപീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വയനാട്ടിലെയും മലബാറിലെയും ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പുവരുത്താനും നിലവിലുള്ള യാത്രാ നിരോധനം നീക്കുവാനും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: എൻ.എച്ച്. 766-ൽ പകൽയാത്രാ നിരോധനം ഏർപ്പെടുത്താനുള്ള നിർദ്ദേശത്തിനെതിരെ വയനാട്ടിൽ വലിയ ജനകീയപ്രക്ഷോഭമാണുണ്ടായത്. ഇതുസംബന്ധിച്ച് വിദഗ്ദ്ധ സമിതി രൂപീകരിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. പകൽയാത്രാ നിരോധനം സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ലെന്ന കർണാടക സർക്കാരിന്റെ നിലപാട് സുപ്രീംകോടതിയെ അറിയിക്കുന്നതിനും കേന്ദ്രത്തിന്റെ അനുമതിയോടെ ആകാശപാത നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുന്നതിനും സാഹചര്യമൊരുക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: പകൽയാത്രാ നിരോധനമെന്ന സുപ്രീംകോടതി നിർദ്ദേശത്തിനെതിരെയുള്ള ജനകീയ പ്രക്ഷോഭം നാടിന്റെ പൊതുവികാരത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ഈ വിഷയത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സുപ്രീം കോടതിയിൽ സമർപ്പിക്കുന്ന സത്യവാങ്മൂലത്തിൽ കേരളത്തിലെ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തണമെന്ന് ബന്ധപ്പെട്ടവരോട്

ആവശ്യപ്പെടണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## V റിപ്പോർട്ടുകളുടെ സമർപ്പണം

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2019-ലെ കേരള പോലീസ് (ഭേദഗതി) ബിൽ, 2019-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

## കേന്ദ്രാവിഷ്കൃത പദ്ധതി മാനദണ്ഡങ്ങൾ

ശ്രീ. മാത്യു ടി. തോമസ്: "സംസ്ഥാന/പ്രാദേശിക സർക്കാർ തലങ്ങളിൽ നടപ്പിലാക്കപ്പെടേണ്ടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ നിശ്ചയിക്കപ്പെടുന്നത് സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളെ നിറവേറ്റുന്നതിൽ വലിയ തോതിൽ പരിമിതികൾ സൃഷ്ടിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും തുലോം വിഭിന്നമായ കേരളത്തിലെ ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക മേഖലകളിൽ നിലവിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സമ്പൂർണ്ണ നേട്ടം കൈവരിക്കാനാകാതെ വരുന്നത് കേന്ദ്ര മാനദണ്ഡങ്ങളുടെ അയവില്ലായ്മമൂലമാണ്. എൻ.എച്ച്.എം., എസ്സ്.എസ്സ്.എ. പദ്ധതികൾ ഫലപ്രദമാക്കുന്നതിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൃഷി, കൃഷി അനുബന്ധ ഉത്പാദന മേഖലകളുമായി സംയോജിപ്പിച്ച് വലിയ നേട്ടം കൈവരിക്കുന്നതിലും തടസ്സങ്ങൾ നേരിടുകയാണ്.

സംസ്ഥാനത്തിന്റെ സ്വതന്ത്ര ധനവിനിയോഗത്തിന് വിഘാതമാകുന്ന

തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഈയടുത്ത് ഗണ്യമായി വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തിന്റെ പരിമിത വിഭവം വലിയതോതിൽ ഇവയ്ക്കായി നീക്കിവയ്ക്കാൻ നിർബന്ധിതമാകുകയാണ്. ഇതിനു പകരമായി, കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് നിശ്ചിത ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തപ്പെടുത്തി ഗ്രാന്റുകളായി കൈമാറിയാൽ സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്ക് ഉതകുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രാപ്തിയിൽ എത്തിക്കുവാനാകും.

ഈ സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്തിന്റെ സവിശേഷ വികസനാവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് പുനരാവിഷ്കരിച്ച് കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ അയവുകൾ വരുത്തുവാൻ തയ്യാറാകണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു.” എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: ഒന്നാം ഖണ്ഡികയിൽ രണ്ടാമത്തെ വാചകത്തിൽ “ കാർഷിക” എന്ന വാക്കിന് ശേഷം

“ ജലസംരക്ഷണ” എന്ന വാക്കും മൂന്നാമത്തെ വാചകത്തിൽ “ എസ്സ്.എസ്സ്.എ” എന്നതിനുശേഷം “ പി.എം.കെ.എസ്.വൈ” എന്നും ചേർക്കുക എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേന്ദ്രസർക്കാർ ഏകപക്ഷീയമായി കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതത്തിൽ മാറ്റം വരുത്തുന്നത് സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യതയുണ്ടാക്കുകയും പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാക്കുകയും ചെയ്യും. ഓരോ സംസ്ഥാനത്തിന്റെയും സവിശേഷ സാഹചര്യങ്ങൾക്കനുസരിച്ച് മാനദണ്ഡങ്ങളിൽ മാറ്റംവരുത്തി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകണമെന്നും ജനസംഖ്യാനുപാതികമായി കേന്ദ്ര നികുതി വിഹിതം നൽകുന്ന രീതിയിൽ മാറ്റം വരുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഈ പ്രമേയം സഭ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ അവസാന ഖണ്ഡികയ്ക്ക് പകരം താഴെ പറയുന്നത് ചേർക്കുക.

“ ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ തീരുമാനിക്കുന്നത് ഒഴിവാക്കി സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾ മുൻകൂട്ടി കണ്ട്, വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിന് ഇതിനായുള്ള കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്ക് ഗ്രാന്റുകളായി അനുവദിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.”

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ കേന്ദ്രതലത്തിൽ നിശ്ചയിക്കുന്നതിനാൽ പല പദ്ധതികളും നടപ്പാക്കാൻ കഴിയാതെ തുക ലാപ്സാകുന്ന സാഹചര്യമാണുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനങ്ങളുടെ സവിശേഷ സാഹചര്യം കണക്കിലെടുത്ത് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. പദ്ധതികൾക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാന സവിശേഷതകൾക്കനുസൃതമായി കേന്ദ്രാവിഷ്കൃത പദ്ധതി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വിഹിതം

വെട്ടിക്കുറച്ചതിനാൽ പദ്ധതികൾ നടപ്പാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. സംസ്ഥാനം നൽകുന്ന നികുതി വരുമാനത്തിനാനുപാതികമായ കേന്ദ്രവിഹിതം ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അവ പുനർനിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം സംസ്ഥാനത്ത് വിനിയോഗിക്കാൻ കഴിയുന്ന രീതിയിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. പ്രസ്തുത പദ്ധതികളുടെ വിഹിതം വെട്ടിക്കുറച്ചതിനാൽ പല പദ്ധതികളും നടപ്പാക്കാൻ കഴിയാത്ത അവസ്ഥയാണ്. അവ ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): 14-ാം

ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 42 ശതമാനമായി വർദ്ധിപ്പിച്ചുവെങ്കിലും സംസ്ഥാന പദ്ധതികൾക്കുള്ള പല കേന്ദ്ര സഹായങ്ങളും നിർത്തലാക്കുകയും മറ്റ് ധനസഹായങ്ങളിൽ ആനുപാതികമായ കുറവുവരുത്തുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പ്രധാന പദ്ധതികളെ ഒഴിവാക്കുകയും ചെയ്തു. 60 ശതമാനത്തിനുമുകളിൽ കേന്ദ്രവിഹിതത്തിൽ കുറവ് വരുത്തിയത് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്. ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിന് ദേശീയതലത്തിൽ പൊതുവായി നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനരാവിഷ്കരിച്ച് സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ അയവുവരുത്തണം. ഭേദഗതിയോടുകൂടി പ്രമേയം അംഗീകരിക്കാവുന്നതാണ്.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 12.32-ന് പിരിഞ്ഞു.